പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3618

15.03. 2018 ൽ മറുപടിക്ക്

## വൈദ്യുതി നിരക്ക് വർദ്ധനവ്

ചോദ്യം

ശ്രീമതി.ഇ.എസ്.ബിജി മോൾ
ശ്രീ.കെ.രാജൻ
ശ്രീമതി.സി.കെ.ആശ
ശ്രീ.വി.ആർ.സുനിൽ കുമാർ

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി നിരക്ക് വർദ്ധന ചട്ടങ്ങളുടെ കാലാവധി മൂന്ന് വർഷത്തിൽ നിന്നും നാലുവർഷമായി വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ;<br><br>(ബി) നാലുവർഷത്തെ വൈദ്യുതി താരിഫ് മുൻകൂട്ടി പ്രഖ്യാപിക്കുന്ന സംവിധാനം നിലവിൽവരുമോ എന്നറിയിക്കാമോ; | (എ)&(ബി) 2018-19 സാമ്പത്തികവർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള നാല് വർഷത്തേക്ക് ഒന്നിച്ച് താരിഫ് നിർണ്ണയിക്കുന്നതിനുള്ള നക്കൽ ചട്ടങ്ങൾ (ഡ്രാഫ്റ്റ് റഗുലേഷൻ) കേരള സ്റ്റേറ്റ് റഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിക്കുകയും പൊതുതെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ കമ്മീഷൻ അന്തിമ റഗുലേഷൻ പുറപ്പെടുവിച്ചിട്ടില്ല. |
| (സി) വൈദ്യുതി വാങ്ങുന്നതിനുള്ള ചെലവ്,ജീവനക്കാരുടെ വേതനം എന്നിവയുൾപ്പെടെയുള്ള ചെലവുകളുടെ വർദ്ധനവ് വൈദ്യുതി നിരക്ക് വർദ്ധനവിൽ ഏതൊക്കെ തരത്തിൽ പ്രതിഫലിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാന വൈദ്യുത ബോർഡ് റഗുലേറ്ററി കമ്മീഷനിൽ സമർപ്പിക്കുന്ന വാർഷിക പ്രതീക്ഷിത വരവുചെലവു കണക്കുകളിലെ വരവും ചെലവും തമ്മിലുള്ള അന്തരം നികത്തുന്നതിനായാണ് വൈദ്യുതി ചാർജ്ജ് പരിഷ്കരിക്കുന്നതിനു കമ്മീഷൻ അംഗീകാരം നൽകുന്നത്. വൈദ്യുതി വാങ്ങൽ, ജീവനക്കാരുടെ വേതനം, ഓപ്പറേഷൻ & മെയിന്റനൻസ് ചെലവുകൾ, മൂലധന നിക്ഷേപങ്ങളിലുള്ള പലിശ എന്നിവ പ്രധാന ചെലവുകളിൽ ഉൾപെടുന്നു. അതുകൊണ്ട് മേൽപ്പറഞ്ഞ ഇനങ്ങളിലുണ്ടാകാവുന്ന വ്യതിയാനങ്ങളും വൈദ്യുതി വിൽപ്പന വഴി കാലാകാലങ്ങളിൽ ലഭിക്കുമെന്ന് കണക്കാക്കുന്ന വരുമാനത്തിലുള്ള വ്യതിയാനവും പൊരുത്തപ്പെടുന്നില്ലെങ്കിൽ വൈദ്യുതി നിരക്ക് പരിഷ്കരണം ആവശ്യമായി വരും. എന്നാൽ മേൽപ്പടി ചട്ടങ്ങളിൽ വൈദ്യുതി വാങ്ങൽ ഒഴികെയുള്ള ചെലവിനങ്ങളിൽ മുൻകൂട്ടി നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരമുള്ള വ്യതിയാനങ്ങൾ മാത്രമേ അനുവദിക്കുകയുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ